കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ഇ.കെ.എം/പി4/1337/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .ഇ.കെ.എം/ പി4/1337/24 തീയ്യതി: 04/10/2024

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	16-08-2024	27-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-08-2024	27-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി കവിത ദേവി വി, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ ഷേണായ് ജെ,ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത എസ്. കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി. എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ടോണി ജോൺ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.എസ്.നിബിൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.ബെൻസി.എൻ	സെക്രട്ടറി	01-04-2023	18-03-2024
ശ്രീ ഗിരീഷ് എസ് എൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. കാവ്യ കെ കുമാർ	അസി.എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി.അനുജ ജോർജ്	കൃഷി ഓഫീസർ	01-04-2023	31-10-2023
ശ്രീമതി.നീതു ചന്ദ്രൻ കെ	കൃഷി ഓഫീസർ	01-11-2023	27-03-2024
ശ്രീമതി ഷജന പി കെ	കൃഷി ഓഫീസർ	28-03-2024	31-03-2024
ഡോ.സുസ്മിത ഭായി.എൻ	മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി	01-04-2023	20-06-2023
ഡോ.സംഗീത എം എ	മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി	21-06-2023	30-08-2023
ഡോ.തമീസ് അഹമ്മദ് വി എ	മെഡിക്കൽ ഓഫീസർ -എഫ് എച്ച് സി	31-08-2023	19-11-2023

ഡോ സൗമ്യ വാസുദേവൻ	മെഡിക്കൽ ഓഫീസർ എഫ് എച്ച് സി	20-11-2023	31-03-2024
ഡോ.ശ്രീദേവി ടി.കെ.	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി. ചിപ്പി ഖാദർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	05-10-2023
ശ്രീമതി. സിന്ധു പി പി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	06-10-2023	31-03-2024
ഒഴിവ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	07-02-2024
ശ്രീ ഗിരീഷ് എസ് എൻ	അസിസ്റ്റന്റ് സെക്രട്ടറി	09-02-2024	31-03-2024
ശ്രീമതി.ബിന്ദുജ.കെ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഡോ.നീമ ബേസിൽ	മെഡിക്കൽ ഓഫീസർ -ആയുർവേദം	01-04-2023	18-09-2023
ഡോ രാധാമെണി പി	മെഡിക്കൽ ഓഫീസർ - ആയുർവേദം	19-09-2023	31-03-2024
ഡോ.രജിത കെ ആർ	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-2023	31-03-2024
മറിയാമ്മ കെ ജെ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-05-2023
അശ്വതി കെ ആർ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-06-2023	04-09-2023
ജിയ ജോസഫ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	05-09-2023	31-03-2024
ശ്രീമതി സീമ ടി ആർ	വി ഇ ഒ കുഴുപ്പിള്ളി	01-04-2023	10-07-2023
ശ്രീമതി സുജാത വി എൻ	വി ഇ ഒ കുഴുപ്പിള്ളി	11-07-2023	31-03-2024
ശ്രീ ഗിരി എം ആർ	വി ഇ ഒ അയ്യമ്പിള്ളി	01-04-2023	10-04-2023
ശ്രീമതി സന്ധ്യ പി എസ്	വി ഇ ഒ അയ്യമ്പിള്ളി	11-04-2023	10-07-2023
ഒഴിവ്	വി ഇ ഒ അയ്യമ്പിള്ളി	11-07-2023	25-07-2023
ശ്രീമതി ശാലിനി എം എം	വി ഇ ഒ അയ്യമ്പിള്ളി	26-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.	1-1-2
4	ബജറ്റ്	1-2
5	സാമ്പത്തിക വിശകലനം	1-3
6	ഫണ്ട് വിനിയോഗം	1-4
7	പദ്ധതി അവലോകനം	1-5
8	തൊഴിലുറപ്പ് പദ്ധതി	1-6
9	ക്ഷേമ പദ്ധതികൾ	1-7
10	ക്യാഷ് ബാലൻസ് പരിശോധന	1-8
11	ആഭ്യന്തര നിയന്ത്രണം	1-9
12	"മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ"	1-10
13	ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെയും അഡ്വഞ്ചർ ടൂറിസം പാർക്കിന്റെയും വിനോദ നികുതി ഈടാക്കിയിട്ടില്ല	1-11
14	വാടക ഈടാക്കിയതിലെ അപാകതകൾ	1-12
15	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയില്ല.	1-13
16	മരണപ്പെട്ടവർക്ക് പെൻഷൻ നൽകി വരുന്നു	1-14
17	ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.	1-15
18	അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്റ്റുകൾ- അപാകതകൾ	1-16
19	പ്രിന്റിംഗ് ചാർജ് അനുവദിച്ചത് -ആദായനികുതി ഈടാക്കിയില്ല	1-17
20	മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ ശേഷിക്കുന്നു.	1-18
21	മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല.	1-19
22	പാലിയേറ്റീവ് കെയർ-മുൻകൂർ തുക നൽകിയിട്ടും ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല	1-20
23	മത്സ്യതൊഴിലാളികൾക്ക് തടിവള്ളം - പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ	1-21
24	മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ-ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരമില്ല	1-22

25	മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ പൂർണ്ണമല്ല	1-23
26	പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-24
27	ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല.	1-25
28	ലൈഫ് ഭവനനിർമ്മാണം (എസ്.സി.)- അധിക തുക നൽകി	1-26
29	സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -അപാകതകൾ	1-27
30	മിനി എം.സി.എഫ് സ്ഥാപിക്കൽ -ശുചിത്വ മിഷൻ ഫണ്ട് പൂർണ്ണമായും ലഭിച്ചില്ല	1-28
31	പൊക്കാളി നെൽകൃഷി വികസനം - അപാകത	1-29
32	കിഴങ്ങ് വർഗ്ഗ ഇടവിള കൃഷി - അപാകത	1-30
33	അക്രഡിറ്റഡ് ഏജൻസി തെരഞ്ഞെടുക്കൽ സുതാര്യമല്ല.	1-31
34	ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.	1-32
35	ലൈഫ് ഭവനനിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി.	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് / സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.05.2024 ലെ (3)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **30.05.2024-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കുഴുപ്പിള്ളി** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ

വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കുഴുപ്പിള്ളി** ഗ്രാമപഞ്ചായത്തിന്റെ **2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:------------ **ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹24,11,623 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating+ Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹18,11,649 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 14.03.2023 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് 24.01.2024 ലെ 3(2) -ാം നമ്പർ തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

	ബജറ്റ് എസ്റ്റിമേറ്റ്	റിവൈസ്ഡ് ബജറ്റ്
മുന്നിരിപ്പ്	46,98,185.00	46,98,185.00
വരവ്	17,69,52,265.00	18,03,64,994.00
ആകെ	18,16,50,450.00	18,50,63,179.00
ചെലവ്	18,03,10,174.00	18,28,37,863.00
നീക്കിയിരിപ്പ്	13,40,276.00	22,25,316.00

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹1,77,77,553
ഓഡിറ്റ് വർഷത്തെ വരവ്	:	₹4,19,11,887

ആകെ	:	₹5,96,89,440
ഓഡിറ്റ് വർഷത്തെ ചെലവ്	:	₹3,95,00,264
നീക്കിയിരുപ്പ്	:	₹2,01,89,176

<u>കുറിപ്പ്</u> - ഓഡിറ്റ് വർഷത്തെ ആകെ വരവ്-ചെലവ്, വാർഷിക പത്രികയിലെ R&P അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ബില്ല് പ്രകാരം മാറ്റിയെടുത്ത ഗ്രാന്റുകൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ല. ഈ ഗ്രാന്റുകളുടെ വിവരം തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്(₹)	വരവ്(₹) (എസിആർ പ്രകാരം)	ആകെ(₹)	ചെലവ്(₹)	ചെലവഴിക്കാതെ ലാപ്സായ തുക(₹)	നീക്കിയിരുപ്പ് തുക(₹)
വികസന ഫണ്ട് (ജനറൽ)	0	1,10,67,000	1,10,67,000	91,71,603	18,95,397	0
വികസന ഫണ്ട്(എസ്.സി.പി)	0	43,47,125	43,47,125	34,91,959	8.55,166	0
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0	0
സംരക്ഷണഗ്രാന്റ് (റോഡ്)	0	28,46,650	28,46,650	28,46,650	0	0
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	7,77,400	7,77,400	7,74,737	2663	0
ധനകാര്യകമ്മീഷൻ അവാർഡ് (Basic Grant)	76,122	18,53,914	19,30,036	9,16,503	0	10,13,533
ധനകാര്യകമ്മീഷൻ അവാർഡ് (Tied)	1,56,769	13,74,500	15,31,269	14,70,780	0	60,489
അനുപൂരക പോഷകാഹാരം 320100196	9,98,721	3,37,290	13,36,011	4,02,064	0	9,33,947
ടോട്ടൽ സാനിട്ടേഷൻ 320100181	29,105	1171	30,276	59	0	30,217
ലൈഫ് 320100160	49,61,312	30,40,000	80,01,312	48,30,000	0	31,71,312
ജനകീയ ഭവനം 320200399	2,66,484	0	2,66,484	0	0	2,66,484
ഹെൽത്ത് ഗ്രാന്റ് 320100202	2046	6,47,911	6,49,957	3,92,835	0	2,57,122

ഹെൽത്ത് ഗ്രാന്റ് 320100204	820	2,89,264	2,90,084	1,27,306	0	1,62,778
ശുചിത്വമിഷൻ 320100198	14,12,520	10,27,483	24,40,003	10,27,483	0	14,12,520
നിർമൽ പുരസ്കാരം 320100191	9231	371	9602	59	0	9543
സാക്ഷരത 320100197	4274	116	4390	0	0	4390
പ്രളയദുരിതാശ്വാസ ഫണ്ട് 320100192	0	100000	100000	0	0	100000
പ്രത്യേക ഉദ്ദേശ്യഗ്രാന്റ് 320300199	0	1,45,376	1,45,376	1,45,376	0	0
അദർ സ്കീംസ് 320100152	0	900	900	900	0	0

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ(₹)	നടപ്പാക്കിയത് - എണ്ണം	പദ്ധതി ചെലവ്(₹)	പൂർത്തീകരിച്ചത് എണ്ണം	ഭാഗികമായി നടപ്പാക്കിയത് എണ്ണം	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
150	92012682	106	45978898	89	17	44	59.3%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണ ചെലവുകൾ	182	7.32.140	7,32,322	7,32,321	1
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	1,95,57,642	1,95,57,642	1,95,57,642	0
ആകെ	182	2,02,89,782	2,02,89,964	2,02,89,963	1

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷക തൊഴിലാളി പെൻഷൻ	₹13,53,400	883
വിധവാപെൻഷൻ	₹57,31,600	4100
വാർദ്ധക്യകാല പെൻഷൻ	₹1,17,24,700	9854

വികലാംഗപെൻഷൻ	₹15,27,300	1011
അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹6,34,200	433
വിവാഹ ധനസഹായം	₹30,000	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2024 ഉച്ചകഴിഞ്ഞ് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,459/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ വരേണ്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1) തനത് ഫണ്ടിൽ നിന്നുള്ള പ്രധാന ആവർത്തന ചെലവായ തെരുവ് വിളക്കുകളുടെ ചാർജ് ക്രമീകരിക്കുന്നതിനായി കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതാണ്.

2) സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) തനത് വരുമാന വർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫ്ലോട്ടിംഗ് ബ്രിഡ്ജ് പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ബീച്ച് ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതും സർക്കാർ ഉത്തരവ് (കൈ) നം.17/2024/ തസ്വഭവ, തീയതി-31.01.24 ൽ നിർദ്ദേശിക്കുന്നതനുസരിച്ച് ഫീസ് ഈടാക്കേണ്ടതുമാണ്.

4) 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5) പദ്ധതി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്റ്റിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്റ്റുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

6) 1997-98 മുതൽ 2022-23 വരെയുള്ള കാലയളവുകളിലായി 15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയത് തീർപ്പാക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-10 "മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ"

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു

അടിസ്ഥാനവിവരങ്ങൾ

എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ്. ടൂറിസം മേഖലയിൽ വികസിച്ചുകൊണ്ടിരിക്കുന്ന കുഴുപ്പിള്ളി ബീച്ച് ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. 5.76ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 13 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 12137ആണ്. ആൾതാമസമുള്ള 3007 വീടുകളും 286 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. അജൈവ മാലിന്യ ശേഖരണത്തിനായി 2022-ൽ ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഓരോ വാർഡിലും 2 അംഗങ്ങൾ വീതം 13 വാർഡുകളിലായി ആകെ 26 ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ട് വരുന്നു.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ പ്പറയും പ്രകാരം ജില്ലാ പാഴ്വസ്തു ശേഖര കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ക്രമ നം.	ഇനം	ശേഖരിക്കുന്ന മാസം
1.	പേപ്പർപ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ	എല്ലാ മാസവും
2.	തുണി	ജനുവരി, ഫെബ്രുവരി
3.	ചില്ല്	മാർച്ച്
4.	ചെരുപ്പ്, ബാഗ്	ഏപ്രിൽ, മെയ്
5.	ഇ-വേസ്റ്റ് ഹസാർഡ്സ് വേസ്റ്റ് (ട്യൂബ് ലൈറ്റ്, ബാറ്ററി മുതലായവ)	സെപ്റ്റംബർ
6.	തെർമോകോൾ, സ്പോഞ്ച് തുടങ്ങിയവ.	നവംബർ, ഡിസംബർ

ഈ കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടന്നുവരുന്നത്. വാർഡ് തലത്തിലെ വാട്ട്സ് ആപ്പ് ഗ്രൂപ്പ് മുഖേന മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നുമുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

പഞ്ചായത്തിൽ ആകെ 15 മിനി എം.സി.എഫുകളും, അഞ്ചാം വാർഡിൽ, കെ.ആർ. നാരായണൻ വായനശാലയ്ക്ക് സമീപം പ്രവർത്തിക്കുന്ന 1 എം.സി.എഫും ആണുള്ളത്. 13 വാർഡുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം മിനി എം.സി.എഫിലും പിന്നീട് എം.സി.എഫിലും എത്തിക്കുന്നു. 796 സ്ക്വ. ഫീ. വിസ്തൃതിയുള്ള എം.സി.എഫിൽ ഫയർ എക്സ്റ്റിംഗ്യൂഷർ, ഫയർ ബക്കറ്റ്, തീ പിടുത്ത സാധ്യത നേരിടുന്നതിന് ജലലഭ്യത എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്. സ്വീകരിക്കുന്ന മാലിന്യത്തിന്റെ ഭാരം രേഖപ്പെടുത്തുന്നതിന് വേയിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്.

റീസൈക്ലിംഗ്

ഹരിത കർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതുൾപ്പെടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകളും 15 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സിഡിഎസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹17,06,100/- കളക്ഷൻ ലഭിച്ചിട്ടുണ്ട്. ഓരോ അംഗവും കളക്ട് ചെയ്യുന്ന യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 26 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹6500/- പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. ഹരിതകർമ്മസേന പ്രവർത്തനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി രസീത് ബുക്ക്, രജിസ്റ്റർ തുടങ്ങിയവ നൽകുന്നു. ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനായി പള്ളത്താംകുളങ്ങര ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച്, ഹരിതകർമ്മസേനയ്ക്ക് ഡ്യൂട്ടി നൽകിയതിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിച്ചു.

അടിസ്ഥാന സൗകര്യവികസനം

മാലിന്യനീക്കത്തിനായി ഡി.പി. വേൾഡിൽ നിന്നുമായി ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് ട്രോളികളും രണ്ട് ഇലക്ട്രിക് ഗുഡ്സ് ഓട്ടോയും നൽകിയിട്ടുണ്ട് ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി 9 കസേരകളും ഒരു സോർട്ടിംഗ് ടേബിളും ഒരുക്കിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വിജിലൻസ് സ്ക്വാഡ് പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യനിക്ഷേപം നടത്തുന്നത് തടയുന്നതിനായി വാട്ട്സ്ആപ്പ് നമ്പറിൽ പരാതിപ്പെടുന്നതിനുള്ള സൗകര്യം

ഒരുക്കിയിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീ മിഷൻ വഴി പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി കൺസോർഷ്യത്തിൽ നിന്ന് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകിയിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും അവലോകന യോഗം നടത്തി വരുന്നുണ്ട്. ക്യു ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കി സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തന ക്ഷമമായിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് സ്മാർട്ട് ഫോൺ വഴി ഓരോ വാർഡിലുമുള്ള വീടുകളിലേയും സ്ഥാപനങ്ങളിലേയും ക്യൂ ആർ കോഡ് സ്ക്കാൻ ചെയ്യുകയും ഫീസ് ഈടാക്കുകയും ചെയ്യുന്നു. ആയത് ഹരിതമിത്രം വെബ് പോർട്ടൽ മുഖേന സെക്രട്ടറി, അസി. സെക്രട്ടറി, വി.ഇ.ഒ എന്നിവർ മോണിട്ടർ ചെയ്തും വരുന്നു. "മാലിന്യമുക്തം നവകേരളം" ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയതിന് കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന് രണ്ടാം സ്ഥാനം ലഭ്യമായിട്ടുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1.അടിസ്ഥാന വിവരങ്ങൾ

റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ പഞ്ചായത്തിൽ ഇല്ല. നിലവിൽ എംസിഎഫ് പ്രവർത്തിക്കുന്നുണ്ട്. ഫയർ എക്സ്റ്റിംഗ്വിഷർ എം.സി.എഫിൽ സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫ്-ആർ.ആർ.എഫുകളുടെ പ്രവർത്തന നടപടിക്രമം (SOP) പ്രകാരം എം.സി.എഫിന് അഞ്ച് ഏരിയകളും (ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സെഗ്രഗേഷൻ ഏരിയ, മെഷീനറി ഏരിയ, ഫിനിഷ്ഡ് ഗുഡ്സ് ഏരിയ) നാല് മുറികളും (ഓഫീസ് ഏരിയ, ശുചിമുറി, വിശ്രമമുറി, വസ്ത്രം മാറുന്നതിനുള്ള മുറി) ഉണ്ടാവേണ്ടതുണ്ട്. എന്നാൽ ശുചിമുറിയും സ്റ്റോറേജ് ഏരിയായും മാത്രമേയുള്ളു. മറ്റ് സജ്ജീകരണങ്ങൾ ഒന്നും തന്നെയില്ല. ബെയ്ലിംഗ് യൂണിറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതി മൂലം എം.സി.എഫ്ലേക്ക് മാറ്റിയിട്ടില്ല.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 10-ാം തീയതിക്കകം മിനി എം.സി.എഫിലേയ്ക്കും 15-ാം തീയതിക്കകം എം.സി.എഫിലേയ്ക്കും എത്തിക്കുന്നുണ്ട്. പിന്നീട് 20-ാം തീയതിക്കുള്ളിൽ കരാർ സ്ഥാപനത്തിന് (ക്ലീൻ കേരള) മാലിന്യം കൈമാറുന്നുണ്ട്. റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

എം.സി.എഫിന് 796 ചതുരശ്ര മീറ്റർ വിസ്തൃതിയുണ്ട്. പരമാവധി 25 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കുന്നു.

4. <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബശ്രീ വഴി ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

5. <u>ശുചിത്വ മാനദണ്ഡങ്ങൾ</u>

എം.സി.എഫ് പരിസരം ശുചിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ചാക്കിൽ കെട്ടി അടുക്കി സൂക്ഷിക്കുന്നുണ്ട്.

6. <u>യഥാസമയം മാലിന്യം കൈയ്യൊഴിയൽ</u>

മാലിന്യം യഥാസമയം ക്ലീൻ കേരളയ്ക്ക് കൈമാറുന്നുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ:</u>

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്ക്കരണം എന്നതിനാൽ തന്നെയ് ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സൗകര്യം വിപുലപ്പെടുത്തേണ്ടതാണ്. വേർതിരിക്കാത്ത മാലിന്യത്തിന് വില കുറച്ച് മാത്രമാണ് ലഭ്യമാകുന്നതെന്നതിനാൽ സെഗ്രഗേഷന് ടേബിൾ അടക്കം കൂടുതൽ സ്ഥലസൗകര്യം ഉറപ്പുവരുത്തുന്നത് വരുമാന വർദ്ധനവിന് ഉപകരിക്കും. സ്ഥലസൗകര്യമുണ്ടെങ്കിൽ മറ്റൊരു മുറി ബെയിലിംഗ് യൂണിറ്റിനായി തയ്യാറാക്കാവുന്നതാണ്. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബെയിലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവയടക്കം എം.സി.എഫ് പരിപാലനം സംബന്ധിച്ച മാർഗരേഖ അനുസരിച്ചുള്ള എല്ലാ സംവിധാനങ്ങളും എം.സി.എഫിൽ സജ്ജീകരിക്കേണ്ടതാണ്. എം.സി.എഫ്. മാലിന്യ സംഭരണ ശേഷി, കൈകാര്യം ചെയ്യുന്ന മാലിന്യത്തിന് അനുസൃതമായി, വിസ്തൃതിയുള്ളതായിരിക്കണം. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്ന നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിലൂടെ പൂർണ്ണ ശുചിത്വമുള്ളതും മാലിന്യരഹിതവുമായ പഞ്ചായത്ത് എന്ന ലക്ഷ്യം പൂർണ്ണമായും സാക്ഷാൽക്കരിക്കുവാൻ കഴിയുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>1-11 ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെയും അഡ്വഞ്ചർ ടൂറിസം പാർക്കിന്റെയും വിനോദ നികുതി ഈടാക്കിയിട്ടില്ല</u>

28/10/2023 ൽ പ്രവർത്തനം ആരംഭിച്ച കുഴുപ്പിള്ളി ബീച്ച് ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെയും, അഡ്വഞ്ചർ ടൂറിസം പാർക്കിന്റെയും 01/02/2024 മുതൽ 31/03/2024 വരെയുള്ള വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. 31/01/2024 തീയതിയിലെ സ.ഉ (കൈ) നം.17/2024/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഓരോ ടിക്കറ്റിന്റെയും പേയ്മെന്റ് ഫോർ അഡ്മിഷന്റെ 10% വിനോദ നികുതി ഈടാക്കേണ്ടതായിട്ടുണ്ട്. വിനോദ നികുതി അടവാക്കുന്നതിന് പ്രൊപ്രൈറ്റർ, ഫ്ലോട്ടിംഗ് ബ്രിഡ്ജ്, കുഴുപ്പിള്ളി, പ്രൊപ്രൈറ്റർ, അഡ്വഞ്ചർ ടൂറിസം പാർക്ക്, കുഴുപ്പിള്ളി എന്നിവർക്ക് 05/03/2024 തീയതിയിൽ കത്ത് നൽകിയതായി കാണുന്നു. എന്നാൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32 തീ.27/08/2024) വിനോദനികുതി ഈടാക്കുന്നതിന് 06/02/2024 തീയതിയിലെ 400620/TXDC02/GPO/2024/407-ാം നമ്പർ ഫയൽ പ്രകാരം നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വാടക ഈടാക്കിയതിലെ അപാകതകൾ

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് 2023-24 വാടക രജിസ്റ്റർ പരിശോധിച്ചതിൽ 13/233D/UA, 13/233F/UA എന്നീ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ യഥാക്രമം ബിനിത സുരേഷ്, കോഴിപ്പറമ്പിൽ, രാജീവ് ചെട്ടിക്കാട്ടുപറമ്പിൽ എന്നിവർക്ക് വാടകയ്ക്ക് നല്കിയിരിക്കുന്നതായും വാടക ഈടാക്കി വരുന്നതായും കാണുന്നു. എന്നാൽ സഞ്ചയ പ്രകാരം ഈ രണ്ടു നമ്പറിലുള്ള കെട്ടിടങ്ങൾ നിലവിലില്ല എന്ന് കാണുന്നു.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീ.21/08/2024) 13/233D/UA, 13/233F/UA എന്നീ കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കും പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ **₹15,500** രൂപയും കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ **₹42,290** രൂപയും ബാദ്ധ്യത ഉണ്ട്.

ക്രമ നമ്പർ	ഇനം	തുക	റിമാർക്സ്
1	ഇലക്ഷൻ ഡെപ്പോസിറ്റ് (340200107)	15500	2020-21 വർഷം ലഭ്യമായ തുക
2	കോൺട്രാക്ടേഴ്സ് എസ്.ഡി (340100201)	42290	2018-19 വർഷം ലഭ്യമായ തുക

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപവും മൂന്ന് വർഷ കാലാവധി കഴിഞ്ഞ മറ്റ് നിക്ഷേപങ്ങളും തനത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21.08.2024) മറുപടിയായി മേൽ തുകകൾ 2024-25 വർഷത്തിൽ ഫോർഫീറ്റ് ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-14 മരണപ്പെട്ടവർക്ക് പെൻഷൻ നൽകി വരുന്നു

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് 2023-24 ലെ മരണരജിസ്ട്രേഷൻ രേഖകൾ, പെൻഷൻ രേഖകൾ എന്നിവ പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ പെൻഷൻ സ്റ്റാറ്റസ് ആക്റ്റീവ് എന്നും മരണപ്പെട്ടവർക്ക് 2024 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ തുക നൽകിയതായും കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	പെൻഷണർ ഐഡി	മരണ രജിസ്ട്രേഷൻ നമ്പർ	മരണ തീയതി	പ്രതിമാസ പെൻഷൻ തുക	അധികമായി നല്കിയ തുക
1	സതി	106640611166	83/2023	20/09/2023	600/-	3,000/-
2	സരസ്വതി ചിദംബരൻ	106590200654	90/2023	12/10/2023	1,600/-	6,400/-
3	കൊച്ചേപ്പ് ടി.പി	106640211134	96/2023	17/10/2023	600/-	2,400/-
4	കുഞ്ഞ് കുഞ്ഞ	106640211269	95/2023	17/11/2023	1,600/-	4,800/-
5	കമലാക്ഷി അയ്യർ	106640100096	105/2023	20/11/2023	1,600/-	4,800/-
6	ലീല ശിവദാസൻ	106640600012	104/2023	10/12/2023	1,600/-	3,200/-
					ആകെ	24,600/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27 തീ. 23/08/2024) ഇവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വന്ന പെൻഷൻ തുക തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും നിലവിൽ സേവന പെൻഷൻ സൈറ്റ് ക്ലോസ് ചെയ്തിരിക്കുന്നതിനാൽ ആയത് ഓപ്പൺ ആകുന്ന മുറയ്ക്ക് ഈ ആറ് പേരുടെയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതാണ് എന്നും മറുപടി ലഭ്യമായിട്ടുണ്ട്. ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-15 ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.

2023-24 സാമ്പത്തികവർഷം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡുതല സാനിറ്റേഷൻ സമിതിക്ക് തനതുഫണ്ടിൽ നിന്നും 17.5.2023ൽ 2230012-ാം നമ്പർ വൗച്ചർ പ്രകാരം കൈമാറിയ 260000/- രൂപയിൽ 20000 രൂപ വീതം 13 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകുന്നതിന് 23.8.2024ൽ നല്കിയ ഓഡിറ്റ് എൻക്വയറി 24ന് ഫണ്ട് ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭിച്ചു. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്കുകൾ- അപാകതകൾ

2023-24 സാമ്പത്തിക വർഷം കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ കാണപ്പെട്ട പൊതു അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടി പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിയമാനുസൃതമായ പിഴ ഈടാക്കുന്നതായി കാണുന്നില്ല. ആയതിന് കാരണമായി സൈറ്റ് ഇഷ്യൂ എന്നു മാത്രം പരാമർശിക്കുന്നത് ഒഴിവാക്കേണ്ടതും വ്യക്തമായ കാരണം രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി പിഴ ഒഴിവാക്കാവുന്നതാണോ എന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്, കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്.

2. ടെണ്ടർ രജിസ്റ്ററിൽ പൂർണവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും പങ്കെടുത്തവരുടെ ഒപ്പ് ശേഖരിക്കേണ്ടതുമാണ്.

<u>1-17 പ്രിന്റിംഗ് ചാർജ് അനുവദിച്ചത് -ആദായനികുതി ഈടാക്കിയില്ല</u>

പ്രോജക്ട് നം, പേര്	28/24 പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ
അടങ്കൽ	1,30,000/- (വികസന ഫണ്ട്)
ചെലവ്	1,29,995/-
ബിൽ.നം, തീയതി, തുക	1)34/04.08.23, 37410/- 2)57/06.10.23, 10000/- 3)129/05.12.23, 82585/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നോട്ടീസും മറ്റും അച്ചടിക്കുന്നതിലേയ്ക്ക് പട്ടികയിലെ ക്രമ നമ്പർ 3, ബിൽ നമ്പർ 129 എന്നിവ പ്രകാരം 82585/-രൂപ പ്രിന്റിംഗ് ചാർജിനത്തിൽ ഗ്രേസ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഞാറയ്ക്കൽ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. എന്നാൽ ആദായനികുതി നിയമം 1961 സെക്ഷൻ 194C അനുസരിച്ച് 2% നികുതി (1652/-രൂപ) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കാതെയാണ് തുക അനുവദിച്ചത്. സാമ്പത്തിക വർഷം മാറിയതിനാൽ ഇനി നികുതി ഈടാക്കി അടവാക്കാൻ സാധിക്കുകയില്ലാത്തതിനാൽ ഭാവിയിൽ പ്രൊഫഷണൽ സേവനങ്ങൾക്ക് പ്രതിഫലം അനുവദിക്കുമ്പോൾ ഉറവിടത്തിൽ നിന്നും തന്നെ നികുതി കിഴിവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറി നം-11/21.08.24)

<u>1-18 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ ശേഷിക്കുന്നു.</u>

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ പ്രത്യേക ഉദ്ദേശ്യഗ്രാന്റ് തുകകൾ (യഥാക്രമം 195287/- രൂപ (ഹെഡ് കോഡ്-320700304) 29405/-രൂപ (ഹെഡ് കോഡ്-320700404) യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നു വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം-5/21.08.24) മറുപടിയായി ആയത് ലോക്കൽ സാംഖ്യ എന്ന സോഫ്റ്റ്‌വെയർ ആരംഭിച്ചപ്പോൾ OBRP ആയി കൊണ്ട് വന്ന തുകയാണെന്നും ആയത് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്കിലേക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്തിന് ലഭ്യമായ തുകകൾ ബന്ധപ്പെട്ട മേഖലയിൽ വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബ്ലോക്കിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തുകകൾ ആ കാര്യാലയത്തിലേക്ക് തിരികെ അടവാക്കി ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്.

1-19 മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം “460100199-അദർ അഡ്വാൻസ്” എന്ന ഹെഡിൽ മുൻകൂർ നൽകിയ 8200രൂപ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-05/21.08.2024) സാക്ഷരതാ പ്രേരക്മാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുകയാണ് ₹18,200 എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിന് സാക്ഷരത മിഷൻ ജില്ല കോ-ഓർഡിനേറ്റർക്ക് തീയതിയിൽ കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചു. തുക ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂർ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ-മുൻകൂർ തുക നൽകിയിട്ടും ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

പ്രോജക്ട് നം, പേര്	23/24, പാലിയേറ്റീവ് കെയർ
അടങ്കൽ	ആകെ- 6,00,000/- (വികസന ഫണ്ട്)
ചെലവ്	4,52,778/-
ബിൽ.നം, തീയതി, തുക	1) 3/06.05.23, 35023/- 2) 14/07.06.23, 35134/- 3) 28/15.07.23, 24910/- 4) 36/04.08.23, 24404/- 5) 56/06.10.23, 75502/- 6) 60/12.10.23, 72616/- 7) 85/08.11.23, 24771/- 8) 131/05.12.23, 24357/- 9) 170/09.01.24, 24865/- 10) 208/02.02.24, 44323/- 11) 275/24.03.24, 49879/- 12) 315/24.03.24, 16994/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പട്ടികയിലെ ക്രമ നമ്പർ 5, ബിൽ നമ്പർ 56 പ്രകാരം ചെലവഴിച്ച 75502/-രൂപയിൽ 49997/-രൂപ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് കെ.എം.എസ്.സി.എൽ നാണ് കൈമാറിയത് (പ്രോഫോർമ ഇൻവോയിസ് നം-PRF 1280/16.09.23) മേൽ തുകയിൽ 31637/-രൂപയുടെ ഉപകരണങ്ങൾ ഓഡിറ്റ് വർഷവും 13562/-രൂപയുടെ ഉപകരണങ്ങൾ 2024-25 വർഷവും ലഭ്യമായതിന്റെ ഇൻവോയിസുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി 4798/-രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട് (എൻകയറി- 11/21.08.24) കെ.എം.എസ്.സി.എൽ മായി ബന്ധപ്പെട്ട് അവശേഷിക്കുന്ന തുകയ്ക്കുള്ള ഉപകരണങ്ങൾ കൂടി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമായി സ്റ്റോക്ക് എൻട്രി ചെയ്ത രേഖ ഹാജരാക്കുന്നത് വരെ 4798/-രൂപ തടസ്സപ്പെടുത്തുന്നു.

1-21 മത്സ്യതൊഴിലാളികൾക്ക് തടിവള്ളം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം, പേര്	120/24, മത്സ്യതൊഴിലാളികൾക്ക് തടിവള്ളം
അടങ്കൽ	ആകെ-4,80,000/- 3,60,000/-(വികസന ഫണ്ട്) 1,20,000/- (ഗുണഭോക്തൃവിഹിതം)
ചെലവ്	ആകെ-2,42,420/- 1,59,638/- (വികസന ഫണ്ട്) 82,782/- (ഗുണഭോക്തൃവിഹിതം) 1) ബിൽ.നം-142, തീയതി-19.12.23, തുക-53213/- 2) ബിൽ.നം-149, തീയതി-22.12.23, തുക-35475/- 3) ബിൽ.നം-177, തീയതി-10.01.24, തുക-70950/- 3) 70956 (ഗുണഭോക്തൃവിഹിതം, NEFT) 4) 11826 (ഗുണഭോക്തൃവിഹിതം, NEFT)
നിർവഹണോദ്യോഗസ്ഥ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

മത്സ്യതൊഴിലാളികൾക്ക് തടി വള്ളം എന്ന പദ്ധതി പ്രകാരം വള്ളം വാങ്ങുന്നതിന്റെ വിലയായ 23650/-രൂപയുടെ 75% ആയ 17737.50 രൂപ വീതം 9 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ സബ്സിഡി 159638/-രൂപ വള്ളം നിർമ്മിച്ച് നൽകിയ ശ്രീ. സേവ്യർ പി.ജെ. എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ.നം	ഗുണഭോക്താവിന്റെ പേര്	വാർഡ് നം
1	സ്റ്റാലിൻ, നികത്തുത്തറ	1
2	വർഗീസ് എം ജെ, മാളിയേക്കൽ	9

3	ചന്ദ്രാംഗദൻ എം എ, മുളഞ്ചേരി പറമ്പിൽ	5
4	വിനോദ് എ ബി, അമ്മാഞ്ചേരി	2
5	കൃഷ്ണകുമാർ, മുറിക്കപ്പറമ്പിൽ	3
6	അജി വി.എസ്, വളച്ചേത്ത്	6
7	സുനി പി.കെ, പടിഞ്ഞാറേ പോട്ടയിൽ	7
8	സുമേഷ് പി.ബി, പറമ്പത്തേരി	8
9	സതീശൻ കാട്ടൂക്കാരൻ, അയ്യമ്പിള്ളി	12

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)115/2022ത.സ്വ.ഭ.വ തീയതി-28/.05.22, ഖണ്ഡിക- 6.4.1 പ്രകാരം യൂണിറ്റ് വിലയുടെ 75% പരമാവധി 37500/-രൂപ സബ്സിഡി നൽകാവുന്നതും ഗുണഭോക്താക്കൾ മുഴുവൻ സമയവും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് മത്സ്യതൊഴിലാളി ആയിരിക്കണം എന്നും സ്വന്തമായി മറ്റ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്തവരും എട്ട് വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹത ഉള്ളൂ എന്നും കട്ടമരത്തിന്റെ നിർമ്മാണം ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും സംയുക്ത പരിശോധന നടത്തേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് എൻക്വയറി (നം-18/23.08.24) നൽകി.

1) ഗുണഭോക്താക്കൾക്ക് മറ്റ് രജിസ്റ്റേർഡ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്തവരാണെന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ

2) വള്ളം വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സേവ്യർ പി ജെ, തെക്കേകുളത്തുങ്കൽ, ചെല്ലാനം എന്ന വ്യക്തിയിൽ നിന്നാണ് 23650/-രൂപ നിരക്കിൽ ഒമ്പത് വള്ളങ്ങൾ വാങ്ങിയിട്ടുള്ളത്. മേൽ യാനങ്ങൾ ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ.

ഗുണഭോക്താക്കൾക്ക് മറ്റ് രജിസ്ടേഡ് യാനങ്ങൾ ഇല്ലായെന്നുറപ്പ് വരുത്തിയിട്ടാണ് നൽകിയതെന്നും രജിസ്ട്രറിംഗ് അതോറിറ്റിയായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വള്ളങ്ങളുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പത്ത് പേർ രജിസ്ട്രേഷൻ തുക ഒടുക്കിയിട്ടുണ്ടെന്നും എൻക്വയറിക്ക് മറുപടിയായി വിശദീകരിച്ചിട്ടുണ്ട്.

രേഖകൾ ഹാജരാക്കുന്നത് വരെ സബ്സിഡി ഇനത്തിൽ ചെലവഴിച്ച 1,59,638/- രൂപ തടസ്സപ്പെടുത്തുന്നു.

1-22 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ-ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരമില്ല

പ്രോജക്ട് നം, പേര്	12/24, മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ
അടങ്കൽ	1,50,000/- (വികസന ഫണ്ട്)
ചെലവ്	ആകെ - 1,16,250/- 1) ബിൽ.നം-193, തീയതി-22.01.24, തുക-69750/- 2) ബിൽ.നം-204, തീയതി-02.02.24, തുക-46500/-

നിർവ്വഹണോദ്യോഗസ്ഥ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രോജക്ട് മുഖേന ആകെ 32 വിദ്യാർത്ഥികൾക്ക് മേശയും കസേരയും അടങ്ങുന്ന ഫർണിച്ചർ (യൂണിറ്റ് ഒന്നിന് 4650/-രൂപ) വിതരണം ചെയ്തിരുന്നു. 25 യൂണിറ്റിന്റെ വിലയായ 116250/-രൂപ ഓഡിറ്റ് വർഷവും 7 യൂണിറ്റിന്റെ വിലയായ 32550/-രൂപ അടുത്ത സാമ്പത്തിക വർഷവുമാണ് വിതരണ സ്ഥാപനത്തിന് അനുവദിച്ചത്. വിതരണക്കാരായ അയ്യമ്പിള്ളി വുഡ് ഹൗസ്, അങ്കമാലിയുടെ ഇൻവോയ്സുകൾ പ്രകാരം 25 യൂണിറ്റ് ഫർണ്ണീച്ചറുകൾ 2024 ജനുവരി മാസവും (ഇൻവോയ്സ് നം-8/23-24, 19.01.24, 15 യൂണിറ്റ്, ഇൻവോയ്സ് നം-9/23-24, 23.01.24, 10 യൂണിറ്റ്), 7 യൂണിറ്റ് ഫർണ്ണീച്ചറുകൾ 2024 മാർച്ച് മാസവും (ഇൻവോയ്സ് നം-16/23-24, 21.03.24) പഞ്ചായത്തിലെത്തിച്ചിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്താത്തതിനാൽ മുഴുവൻ വിദ്യാർത്ഥികളും ഫർണ്ണീച്ചർ കൈപ്പറ്റിയത് തൻവർഷമാണോ എന്ന് വ്യക്തമാകുന്നില്ല. ആനുകൂല്യം വിതരണം ചെയ്യുമ്പോൾ നിർബന്ധമായും ഗുണഭോക്താക്കളുടെ കൈപ്പറ്റ് തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പദ്ധതിക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ അപാകതയുണ്ട്.

പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 25 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് 21 പേർക്കും അഡീഷണൽ ലിസ്റ്റിലുള്ള 11 വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചിരുന്നു. തുടർന്നുള്ള ഗ്രാമസഭ യോഗത്തിൽ സാധൂകരണം വാങ്ങണമെന്ന തീരുമാനത്തോടെയാണ് (21.02.24 ലെ 3(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) അഡീഷണൽ ലിസ്റ്റിൽ പെട്ട 11 വിദ്യാർത്ഥികളെ ആനുകൂല്യത്തിന് പരിഗണിച്ചത്. ബന്ധപ്പെട്ട വാർഡുകളിലെ ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ ഈ ലിസ്റ്റിൽപ്പെട്ട 6 പേർക്ക് ഗ്രാമസഭ അംഗീകാരം ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെച്ചേർക്കുന്ന 5 പേരെ ഗ്രാമസഭ അംഗീകരിച്ച് സാധൂകരണം നൽകിയിട്ടില്ല.

ക്രമ. നം	വിദ്യാർത്ഥിയുടെ പേര്	വാർഡ് നം	റിമാർക്സ്
1	നന്ദന പ്രദീപ്, പണിക്കശേരി	3	2023-24 വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ചേർന്ന 14/07/23 തീയതിയിലെ ഗ്രാമസഭയിലും അഡീഷണൽ ലിസ്റ്റ് അംഗീകരിച്ചതിനായി ചേർന്ന 03/01/24 തീയതിയിലെ ഗ്രാമസഭയിലും പ്രോജക്ടിന്റെ പേര് പരാമർശിച്ചിട്ടില്ല.
2	ആദിത്യൻ കെ.എസ്, കൈതവളപ്പിൽ	4	2023-24 വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ചേർന്ന 15/07/23 തീയതിയിലെ ഗ്രാമസഭയിൽ ഗുണഭോക്താക്കൾ ഇല്ലായെന്നാണ് (പേജ്- 8) രേഖപ്പെടുത്തിയിട്ടുള്ളത്. അഡീഷണൽ ലിസ്റ്റ് അംഗീകരിച്ചതിനായി ചേർന്ന

			06/01/24 തീയതിയിലെ ഗ്രാമസഭയിലും പ്രോജക്ടിന്റെ പേര് പരാമർശിച്ചിട്ടില്ല.
3	അഭിനവ്, ഒളിപ്പറമ്പിൽ	6	2023-24 വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ചേർന്ന 14/07/23 തീയതിയിലെ ഗ്രാമസഭയിൽ ടിയാളുടെ പേര് പരാമർശിച്ചിട്ടില്ല. അഡീഷണൽ ലിസ്റ്റ് അംഗീകരിച്ചതിനായി ചേർന്ന 08/01/24 തീയതിയിലെ ഗ്രാമസഭയിലും (പേജ്-40, 41) പ്രോജക്ടിന്റെ പേര് പരാമർശിച്ചിട്ടില്ല.
4	ജിത്ത് കെ.ആർ, കാനപ്പിള്ളി	8	2023-24 വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ചേർന്ന 16/07/23 തീയതിയിലെ ഗ്രാമസഭയിൽ ടിയാളുടെ പേര് പരാമർശിച്ചിട്ടില്ല. അഡീഷണൽ ലിസ്റ്റ് അംഗീകരിച്ചതിനായി ചേർന്ന 13/01/24 തീയതിയിലെ ഗ്രാമസഭയിലും (പേജ്-15,16) പ്രോജക്ടിന്റെ പേര് പരാമർശിച്ചിട്ടില്ല.
5	അശ്വിൻ, കാവുങ്കൽ	10	2023-24 വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ചേർന്ന 13/07/23 തീയതിയിലെ ഗ്രാമസഭയിൽ ഗുണഭോക്താക്കൾ ഇല്ലായെന്നാണ് (പേജ്- 9) രേഖപ്പെടുത്തിയിട്ടുള്ളത്. അഡീഷണൽ ലിസ്റ്റ് അംഗീകരിച്ചതിനായി ചേർന്ന 14/01/24 തീയതിയിലെ ഗ്രാമസഭയിലും (പേജ്-59, 60, 61) പ്രോജക്ടിന്റെ പേര് പരാമർശിച്ചിട്ടില്ല.

മേൽ 5 പേർ ആനുകൂല്യം കൈപ്പറ്റിയെങ്കിലും ട്രഷറി നിയന്ത്രണം മൂലം ബിൽ സമർപ്പിക്കുവാൻ കഴിയാതെ വന്നതിനാൽ ഇവരുൾപ്പെടെ 7 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ഫർണിച്ചറുകളുടെ തുക കൈമാറിയത് (7x@4650=32550/-രൂപ) 2024-25 സാമ്പത്തിക വർഷമാണ്. എന്നിരുന്നാലും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് അതാത് ഗ്രാമസഭകളുടെ സാധൂകരണം ലഭ്യമാകണമെന്ന മാർഗരേഖ നിർദ്ദേശം പാലിക്കപ്പെടേണ്ടതുണ്ട്. ആയതിലേയ്ക്ക് അഞ്ച് ഗുണഭോക്താക്കളേയും ബന്ധപ്പെട്ട ഗ്രാമസഭ മുമ്പാകെ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും മിനിറ്റ്സ് പകർപ്പുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. അഡീഷണൽ ലിസ്റ്റ് തന്നതിന് ശേഷം ഗ്രാമസഭ ചേർന്നിട്ടില്ലായെന്നും ആയതിനാൽ ഇനി നടക്കുന്ന ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടിക്കൊള്ളാമെന്നും വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-17/23.08.24) മറുപടി ലഭിച്ചിട്ടുണ്ട്.

1-23 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ പൂർണ്ണമല്ല

കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷം മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി വാർഡുതല സാനിറ്റേഷൻ സമിതിക്ക് 17.5.2023 ൽ 22300112-ാം നമ്പർ വൗച്ചർ പ്രകാരം കൈമാറിയ 260000/-രൂപയിൽ 20000/-രൂപ വീതം 13 വാർഡുകളിലെ ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. ശുചിത്വ മിഷൻ ഫണ്ട് 10000/- രൂപയും തനതുഫണ്ട് 10000/- രൂപയുമാണ് വകയിരുത്തിയിരുന്നത് എങ്കിലും ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാത്തതുമൂലം തനതുഫണ്ടിൽ നിന്നും 260000/-രൂപ ചെലവഴിച്ചിരിക്കുകയാണ്. വാർഡുതല സാനിറ്റേഷൻ സമിതികളുടെ പാസ്ബുക്കുകൾ പരിശോധിച്ചതിൽ പ്രസ്തുത തുക പിൻവലിച്ചതായി കാണുന്നുണ്ടെങ്കിലും ചെലവുവൗച്ചറുകൾ പൂർണ്ണമല്ല. കൂലി നല്കിയതിന് മസ്റ്റർറോൾ, വാടക നല്കിയതിന് ബില്ലുകൾ എന്നിങ്ങനെയുള്ള സബ് വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 260000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-24 പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ള പഠനമുറി നിർമ്മാണത്തിന്റെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും, കഴിഞ്ഞ സാമ്പത്തിക വർഷം എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി സാമ്പത്തിക സഹായം (₹125000/-) കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താവ് ശ്രീ. ജലീൽകുമാർ എൻ.എൻ., നികത്തുതറ (ശ്രീരുദ്ര) ഇതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.31/24.08.24) മറുപടിയായി, പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഗുണഭോക്താവിന് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എത്രയും വേഗം പഠനമുറിനിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-25 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.	51/24
പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ
പ്രോജക്ടിന്റെ പേര്	ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ.
<u>ആകെ അടങ്കൽ തുക</u> പ്ലാൻ ഫണ്ട് : 50000/- റോഡിതരം – മെയിന്റനൻസ് ഫണ്ട് : 2,00,000/-	₹2,50,000/-
<u>ആകെ ചെലവ്</u> പ്ലാൻ ഫണ്ട് : 50000/-	₹2,50,000/-

റോഡ് ത്രരം - മെയിന്റനൻസ് ഫണ്ട് : 2,00,000/-	
ബിൽ നം./തീയതി	106/24തീ. 12/11/2023 (₹2,00,000/-) 323/24 തീ. 24/03/2024 (₹50,000/-)

മെഡിക്കൽ ഓഫീസർ ഹോമിയോ 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതിയിൽ, ₹2,50,000/-(പ്രൊഫോർമ ഇൻവോയ്സ് നം.PF-692 തീയതി 24.10.23 & PF-1321 തീയതി 03.02.24) ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഡിസ്പെൻസറിയിലേയ്ക്ക് ₹1,37,734/- (ഇൻവോയ്സ് നം.LF-425 തീ. 19.06.24 &LF-470 തീ.25.06.24) യുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള ₹1,12,266/-യുടെ മരുന്ന് ലഭിച്ചിട്ടില്ല. ₹1,12,266/-യുടെ മരുന്ന് ലഭ്യമാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി, ഹാജരാക്കുന്നതുവരെ ₹1,12,266/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.1/16.08.24) മറുപടിയായി, മരുന്ന് ലഭ്യമാകുമ്പോൾ രേഖകൾ പരിശോധനയ്ക്കായി, ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-26 ലൈഫ് ഭവനനിർമ്മാണം (എസ്.സി.)- അധിക തുക നൽകി

പ്രോജക്ട് നം.	30/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അയ്യമ്പിള്ളി
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവനനിർമ്മാണം (എസ്.സി.)
ആകെ അടങ്കൽ തുക എസ്.സി.പി. : ₹1330427/- സംസ്ഥാനാവിഷ്കൃതഫണ്ട്: ₹30,00,000/- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം: ₹30,00,000/- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം: ₹4,69,573/- മറ്റുള്ളവ: ₹46,00,000/-	₹1,24,00,000/-
ആകെ ചെലവ് എസ്.സി.പി. : ₹13,30,427/- സംസ്ഥാനാവിഷ്കൃതഫണ്ട്: ₹6,40,000/- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം: 16,78,661/- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം:	₹47,06,263/-

₹0.00/- മറ്റുള്ളവ: ₹10,57,175/-	
ബിൽ നം./തീയതി	(1) ₹55325/- 224/16.02.2024(എസ്.സി.പി.) (2) 177500/- 164/03.01.2024(എസ്.സി.പി.) (3) 100000/-87/09.11.2023 ബ്ലോക്ക് പഞ്ചായത്ത് വിഹിതം (4) 470000/-84/07.11.23 ബ്ലോക്ക് പഞ്ചായത്ത് വിഹിതം (5) 109748/-40/14.08.23 ബ്ലോക്ക് പഞ്ചായത്ത് വിഹിതം (6) 691369/-39/14.08.2023 ബ്ലോക്ക് പഞ്ചായത്ത് വിഹിതം (7) 307544/-16/19.06.2023 ബ്ലോക്ക് (8) 352456/-15/16.06.2023 (എസ്.സി.പി.) (9) 745146/-6/15.05.2023 (എസ്.സി.പി.) (10) 240000/- 82/3.11.2023 (11) 400000/- 133/ 11.12.2023 (12) 440000/-മറ്റുള്ളവ (13) 407175/-മറ്റുള്ളവ (14) 210000/-മറ്റുള്ളവ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ “ലൈഫ് ഭവനനിർമ്മാണം (എസ്.സി.)” എന്ന പ്രോജക്ടിന് 2023-24 സാമ്പത്തിക വർഷം ₹1,24,00,000/- വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും ₹47,06,263/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും ₹4,00,000/- വീതമാണ് നൽകേണ്ടത്. എന്നാൽ പ്രോജക്ട് ഫയൽ, ലൈഫ് രജിസ്റ്റർ, തുക പിൻവലിച്ച രേഖകൾ, ഗുണഭോക്താവിന്റെ ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൻ പ്രകാരം, വത്സല കേശവൻ, വൈപ്പിത്തറ, എന്നയാൾക്ക് ₹4,10,000/- നൽകിയിരിക്കുന്നതായി കാണുന്നു. ടിയാൾക്ക് ₹10000/- കൂടുതൽ നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടിയായി, അധികമായി നൽകിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ തുക സബ്സിഡി നൽകിയത്, നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധക്കുറവിനേയും അനാസ്ഥയേയും കാണിക്കുന്നു. അധികമായി നൽകിയ തുക ഈടാക്കി രേഖകൾ ഹാജരാക്കുന്നത് വരെ അധികമായി നൽകിയ തുക ₹10000/- തടസ്സപ്പെടുത്തുന്നു.

1-27 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -അപാകതകൾ

പ്രോജക്ട് നം.	100/24

നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴിപ്പിള്ളി
പ്രോജക്ടിന്റെ പേര്	**സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**
ആകെ അടങ്കൽ തുക	₹200,000/-
ആകെ ചെലവ്	₹200,000/-
ബിൽ നം./തീയതി	66/18.10.2023

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "**സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**" എന്ന പ്രോജക്ടിന് 2023-24 സാമ്പത്തിക വർഷം ₹2,00,000/- വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് ഫയൽ, രജിസ്റ്റർ, തുക പിൻവലിച്ച രേഖകൾ, എന്നിവ പരിശോധിച്ചതിൻ പ്രകാരം ഹരിതകർമ്മസേനയ്ക്ക് രസീതുബുക്കുകൾ, രജിസ്റ്ററുകൾ, ഗ്രീൻ കാർഡ് എന്നിവ വാങ്ങുന്നതിനായി പണം ചെലവഴിച്ചതായി കാണുന്നു. എന്നാൽ ആർക്കൊക്കെയാണ് രജിസ്റ്ററുകൾ, ഗ്രീൻ കാർഡ് എന്നിവ വിതരണം ചെയ്തതെന്നും, രസീതുബുക്കുകൾ എത്ര എണ്ണം വീതം ഓരോരുത്തർക്കും കൊടുത്തുവെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-28 മിനി എം.സി.എഫ് സ്ഥാപിക്കൽ -ശുചിത്വ മിഷൻ ഫണ്ട് പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം	പ്രോജക്ട്	വികസന ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ശുചിത്വമിഷൻ വിഹിതം	റിമാർക്സ്
116/24	മിനി എം.സി.എഫ്	38720	96280	630000	ശുചിത്വമിഷൻ വിഹിതം 526510/-രൂപ മാത്രമാണ് ലഭിച്ചത്.

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മിനി എം.സി.എഫ് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ ശുചിത്വമിഷൻ വിഹിതം 630000 രൂപ വകയിരുത്തി എങ്കിലും 526510/- രൂപ മാത്രമാണ് ലഭിച്ചത്. 90648/- രൂപ ശുചിത്വമിഷൻ വിഹിതത്തിനു പകരമായി വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രോജക്ട് റിവിഷൻ ചെയ്തിട്ടുണ്ടോ എന്നും ശുചിത്വമിഷൻ അക്കൗണ്ടിൽ 1412520/-രൂപ ബാക്കി നില്ക്കുന്നത് ഉപയോഗിക്കാതിരുന്നതിന്റെ കാരണം എന്തെന്നും അന്വേഷിച്ചുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ആയതിനാൽ പ്രസ്തുത ഫണ്ട് ഉപയോഗിക്കാനാവില്ല എന്നു മറുപടി നല്കി. എന്നാൽ ശുചിത്വമിഷൻ ഫണ്ട് നേടിയെടുക്കാൻ പഞ്ചായത്ത് ശ്രമം നടത്തിയിട്ടില്ല. ഭാവിയിൽ ഇപ്രകാരം വകയിരുത്തുന്ന ഫണ്ടിൽ നിന്നു തന്നെ തുക കണ്ടെത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-29 പൊക്കാളി നെൽകൃഷി വികസനം - അപാകത

പ്രോജക്ട് നം.	S0032/24
പ്രോജക്ടിന്റെ പേര്	പൊക്കാളി നെൽകൃഷി വികസനം
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ, ഫണ്ട്	₹115200 (വികസന ഫണ്ട്-പൊതുവിഭാഗം) ₹86400 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹86400 (ജില്ലാ പഞ്ചായത്ത് വിഹിതം) ₹288000
ചെലവ്	ആകെ – ₹288000 1) BRN-23110752010701017710, തീയതി 10/12/23, ₹86400 2) BRN-23110752010701067660, തീയതി 05/1/24,₹86400 3) BRN-23110752010700589228, തീയതി 25/9/23, ₹115200

വിവിധ പാടശേഖരങ്ങളിലായി പൊക്കാളി കൃഷി ചെയ്യുന്ന കർഷകർക്ക് കൂലി ചെലവ് നല്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിരിക്കന്ന പദ്ധതി ആണിത്. ഇതിൽ കർഷകരായ ജോഷി കെ.സി, ഷിബു ജോസ് കെ.ജെ, അബ്ദുൾ നാസർ എം.എ. എന്നിവർക്ക് ₹64000 വീതം മേൽ ബില്ലുകൾ പ്രകാരം നൽകി. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നമ്പർ 115/2022/LSGD തീയതി 28/05/2022) ഖണ്ഡിക 6.1, കൃഷി ക്രമ നമ്പർ 9 പ്രകാരം ഒരു ഹെക്ടർ കൃഷി സ്ഥലത്തിന് നൽകാവുന്ന പരമാവധി സബ്സിഡി ₹32000 ആണ്. ആയതിനാൽ മേൽ സൂചിപ്പിച്ചവർക്ക് 2 ഹെക്ടറിൽ കുറയാത്ത കൃഷിഭൂമി സ്വന്തമായി കൈവശമുണ്ടെന്നുള്ള രേഖ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10, 21/08/24 ന് വളരെ അവ്യക്തമായ കരാർ ആണ് ഹാജരാക്കിയത്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും ആവശ്യമായ രേഖകൾ കൃത്യമാണെന്ന് ബോധ്യപ്പെടുകയും വേണം. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-30 കിഴങ്ങ് വർഗ്ഗ ഇടവിള കൃഷി - അപാകത

പ്രോജക്ട് നം.	S044/24
പ്രോജക്ടിന്റെ പേര്	കിഴങ്ങ് വർഗ്ഗ ഇടവിള കൃഷി
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ, ഫണ്ട്	₹26000 (വികസന ഫണ്ട്-എസ്.സി.പി.)

ചെലവ്	₹26000 1) BRN - 23110752010700685820 തീയതി 17-10-2023, ₹13000 2) BRN - 23110752010700685815 തീയതി 17-10-2023, ₹13000

മേൽ സൂചിപ്പിച്ച പ്രോജക്ടിലൂടെ ഇടവിള കൃഷിക്കുള്ള കിഴങ്ങു വർഗ്ഗ വിത്തുകളും ജൈവ വളവും നൂറു ശതമാനം സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, സനാതനപുരം പി.ഒ., കളർകോട്, ആലപ്പുഴ നിന്ന് ഇൻവോയ്സ് നമ്പർ AMB/167/23-24 തീയതി 16.10.23 പ്രകാരം 26 എണ്ണം കിഴങ്ങ് വർഗ്ഗ കിറ്റുകൾ ₹500 രൂപ നിരക്കിൽ വാങ്ങി. ഇവയിൽ കിഴങ്ങ് വർഗ്ഗമായ ചേമ്പ് വാങ്ങിയതിൽ അംഗീകൃത ജില്ലാതല യൂണിറ്റ് കോസ്റ്റുമായി വ്യത്യാസം കാണുന്നു. ജില്ലാതല യൂണിറ്റ് കോസ്റ്റ് 70രൂപ നിശ്ചയിച്ചിരിക്കുന്ന ചേമ്പ് ഒരു കിലോ 80രൂപ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്.

കിഴങ്ങ് വർഗ്ഗം	ബിൽ വില (ഒരു കിലോഗ്രാം)	യൂണിറ്റ് കോസ്റ്റ് (ഒരു കിലോഗ്രാം)	വ്യത്യാസം (ഒരു കിലോഗ്രാം)
ചേമ്പ്	80	70	(+)10

എറണാകുളം ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി – യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിൽ നിന്ന് യൂണിറ്റ് കോസ്റ്റിനേക്കാൾ ₹10 കൂടുതൽ നൽകിയാണ് ചേമ്പ് വാങ്ങിയിരിക്കുന്നത്. പദ്ധതി നിർവ്വഹണം കുറ്റമറ്റ രീതിയിലാകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 അക്രഡിറ്റഡ് ഏജൻസി തെരഞ്ഞെടുക്കൽ സുതാര്യമല്ല.

പ്രോജക്ട് നം.	S0118/24
പ്രോജക്ടിന്റെ പേര്	പഞ്ചായത്ത് ഓഫീസിലേക്ക് അലമാരയും ഫർണ്ണീച്ചറും വാങ്ങൽ (സ്റ്റീൽ ഓവർ)
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ, ഫണ്ട്	₹26050 (വികസന ഫണ്ട് - പൊതുവിഭാഗം)
ചെലവ്	₹26030 BRN-23110752003500934891, തീയതി 14/12/2023

2023-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ മേൽ പ്രോജക്ട് പ്രകാരം സിഡ്കോ ലിമിറ്റഡ്, കടവന്ത്ര, കൊച്ചി എന്ന അക്രഡിറ്റഡ് സ്ഥാപനത്തിൽ നിന്ന് അലമാരയുൾപ്പെടെയുള്ള

ഫർണ്ണിച്ചർ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. ഇതിലേയ്ക്കായി ഇൻവോയ്സ് നമ്പർ EKM/22-23/562 തീയതി 31/03/2023 പ്രകാരം ആകെ ₹26030 രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ധനവകുപ്പിന്റെ 25-07-2017 ലെ ജി.ഒ(പി) നം.95/2017. നമ്പർ ഉത്തരവ് പ്രകാരം 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മേൽ സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ നേരിട്ട് ഫർണ്ണീച്ചർ വാങ്ങിയത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21 തീയതി 23/08/24) ന് മറുപടി ലഭിച്ചില്ല. പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-32 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	S0003/24	S0176/24
പ്രോജക്ടുകളുടെ പേരുകൾ	ഐ.കെ.എം.വിഹിതം നൽകൽ	വിവിധ വാർഡുകളിൽ കേടായ കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ.
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി
അടങ്കൽ, ഫണ്ട്	₹50000 (വികസന ഫണ്ട്-പൊതുവിഭാഗം)	₹280000 (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹50000 (ഐ.കെ.എം.'ന് നൽകിയത്) BRN 23110752003500698499 തീയതി 20/10/2023, ₹50000	₹129090 (വാട്ടർ അതോറിറ്റിക്ക് നൽകിയത്) ബിൽ നമ്പർ-364, തീയതി 30/03/2024, ₹129090

2023-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ പ്രോജക്ടുകൾ ആണ് ഐ.കെ.എം ന് വിഹിതം നൽകൽ (₹50000), വിവിധ വാർഡുകളിൽ കേടായ കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ (₹129090) എന്നിവ. എന്നാൽ ഈ രണ്ട് പ്രോജക്ടുകളുടേയും ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ജലജീവൻ മിഷൻ പൂർണ്ണമായും നടപ്പിലാക്കിയ സ്ഥിതിക്ക് വാട്ടർ അതോറിറ്റിക്ക് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22,

തീയതി 23/08/24) ജലജീവൻ മിഷൻ പദ്ധതി വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കുന്നതാണെന്നും പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ പദ്ധതി മെയിന്ററനൻസ് പ്രോജക്ട് ആണെന്നും ജലജീവൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയാത്ത പദ്ധതി ആണെന്നും അറിയിച്ചു. ടി മറുപടി അംഗീകരിക്കുന്നു. എന്നാൽ സൂചിത പ്രോജക്ടുകളുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് ₹179090(50000+129090) തടസ്സപ്പെടുത്തുന്നു.

1-33 ലൈഫ് ഭവനനിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല

1. ലൈഫ് ഭവനനിർമ്മാണം (എസ്.സി.)

പ്രോജക്ട് നം.	30/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവനനിർമ്മാണം (എസ്.സി.)
ആകെ അടങ്കൽ തുക എസ്.സി.പി. : ₹1330427/- സംസ്ഥാനാവിഷ്കൃതഫണ്ട്: ₹30,00,000/- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം: ₹30,00,000/- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം: ₹4,69,573/- മറ്റുള്ളവ: ₹46,00,000/-	₹1,24,00,000/-
ആകെ ചെലവ് എസ്.സി.പി. : ₹13,30,427/- സംസ്ഥാനാവിഷ്കൃതഫണ്ട്: ₹6,40,000/- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം: 16,78,661/- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം: ₹0.00/- മറ്റുള്ളവ: ₹10,57,175/-	₹47,06,263/-
ബിൽ നം./തീയതി	

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ “ലൈഫ് ഭവനനിർമ്മാണം (എസ്.സി.)” എന്ന പ്രോജക്ടിന് 2023-24 സാമ്പത്തിക വർഷം ₹1,24,00,000/- വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും ₹47,06,263/- ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുമായി ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം കരാറുകളും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്താതെയും, ചിലരുടെ മുദ്രപത്രത്തിൽ ഒന്നും തന്നെ രേഖപ്പെടുത്താതെയും, താഴെപ്പറയുന്നവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാതേയും കാണുന്നു.

ക്രമ നം.	ഗുണഭോക്താക്കളുടെ പേര്

1.	സുഭാഷിണി, അയിനിക്കാട്.
2.	രമ്യദാസ്, കപ്പട്ടിത്തറ
3.	മിഥുവിനു,ചേലക്കാട്ട്
4.	ഇന്ദിരാദേവി സുരേഷ്, കപ്പട്ടിത്തറ
5.	സുജാത ബാബു, വാടേപ്പറമ്പിൽ
6.	മഞ്ജുപത്മനാഭൻ, നെടുന്തേടത്ത്
7.	സാവിത്രി ചെല്ലപ്പൻ, താളിയാടൻ
8.	ഉഷ ശങ്കരൻ, പനയ്ക്കത്തറ
9.	ജയ കെ.കെ. കൊച്ചുതറ
10.	ഗീത മണി, തോട്ടുങ്ങത്തറ

2.ലൈഫ് ഭവനനിർമ്മാണം (ജനറൽ)

പ്രോജക്ട് നം.	15/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവനനിർമ്മാണം (ജനറൽ)
ആകെ അടങ്കൽ തുക വികസന ഫണ്ട് : ₹3402378/- സംസ്ഥാനാവിഷ്കൃതഫണ്ട്: ₹1,00,00,000/- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം: ₹32,00,000/- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം: ₹26,00,000/- മറ്റുള്ളവ: ₹2,07,97,622/-	₹4,00,00,000/-
ആകെ ചെലവ് വികസന ഫണ്ട് : ₹14,00,000/- സംസ്ഥാനാവിഷ്കൃതഫണ്ട്: ₹48,30,000/- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം: ₹12,37,595/- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം: ₹17,20,000/- മറ്റുള്ളവ: ₹98,40,000/-	₹1,90,27,595/-
ബിൽ നം./തീയതി	

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ലൈഫ് ഭവനനിർമ്മാണം (ജനറൽ)" എന്ന പ്രോജക്ടിന് 2023-24 സാമ്പത്തിക വർഷം ₹4,00,00,000/- വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും ₹1,90,27,595/-

ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുമായി ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം കരാറുകളും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്താതെയും, ചിലരുടെ മുദ്രപത്രത്തിൽ ഒന്നും തന്നെ രേഖപ്പെടുത്താതെയും, താഴെപ്പറയുന്നവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാതെയും കാണുന്നു.

ക്രമ നം.	ഗുണഭോക്താക്കളുടെ പേര്
1.	ശാരദ സദാനന്ദൻ, കാട്ടൂക്കാൻ
2.	വിനു സുരേന്ദ്രൻ, കൊപ്പനാലിൽ
3.	സരോജിനി മംഗലപ്പിള്ളി
4.	ഐഷ ബാലകൃഷ്ണൻ, തുണ്ടിയിൽ
5.	രാധ , സ്രാമ്പിക്കൽ,
6.	മായ മധു, പൂത്തേരി
7.	റൂബി ബാലകൃഷ്ണൻ, തെക്കുംതല
8.	മിനിമോൾ, വാടേപ്പറമ്പിൽ
9.	ഐഷ ശ്രീജിത്ത്, അറുകാട്ടിൽ
10.	ശാലിനി പ്രസാദ്, പ്ലാക്കൽ
11.	അംബുജാക്ഷി , അഞ്ചുതൈക്കൽ
12.	കുമാരി, കല്ലുപുറത്ത്
13.	സീന സുനിൽകുമാർ, മട്ടയ്ക്കൽ
14.	രതി രാജേഷ്, വസ്തേരിക്കൽ
15.	ലീല്ല രാജപ്പൻ, തുണ്ടത്തിൽ വീട്
16.	ജാനകി ഗോപാലൻ, കരകായിപ്പറമ്പിൽ
17.	ശോശാമ്മ, പനയ്ക്കൽ വീട്
18.	ജാനു നാരായണൻ, പുന്നപ്പറമ്പിൽ
19.	സരസ്വതി ബാലകൃഷ്ണൻ, വാടേപ്പറമ്പിൽ
20.	ശാന്ത ബേബി, വലിയ വീട്ടിൽ
21.	മിനി ശശി,പഴമ്പിള്ളി

22.	ശാരദ, നിന്തസ്ഥലത്ത്
23.	പുഷ്പ ബാലൻ പ്ലാക്കൽ
24.	ഗീത ചിന്നപ്പൻ,കോച്ചേരി.
25.	ബീന ഷാജു, തെക്കനാംപിള്ളി
26.	വിജി ബിജു, കുറപ്പംകടവിൽ
27.	ലത സലി, കാട്ടിപ്പറമ്പിൽ
28.	സന്ധ്യ മുളഞ്ചേരി
29.	സിന്ധു മാരായിൽ
30.	ബിന്നി റെജികുമാർ, എട്ടുതെങ്ങിൽ.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഈ അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.29/24.08.24) മറുപടിയായി ഇതിൽ ഭൂരിഭാഗം പേരുടേയും ഭവനനിർമ്മാണം പൂർത്തീകരിക്കാറായിട്ടുണ്ടെന്നും, ബാക്കിയുള്ളവർ കഴിഞ്ഞ സാമ്പത്തിവർഷം അവസാനം തുക ലഭിച്ചവരാണെന്നും അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മോണിറ്ററിംഗ് സമിതിയുടെ വിലയിരുത്തലും, മേൽനോട്ടവുമുണ്ടായതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക(₹)	പ്രോജക്ടിന്റെ പേര്, നം	ചെലവ്(₹)	ബാലൻസ്(₹)
ബ്ലോക്ക് പഞ്ചായത്ത്	2023-24	12,37,595	ലൈഫ് ഭവന നിർമ്മാണം -ജനറൽ (15/24)	12,37,595	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	49,998	അതിദരിദ്രർക്ക് മരുന്ന് നൽകൽ (98/24)	49,998	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,00,247	ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി (96/24)	2,00,247	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	1.75,000	ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് (63/24)	1.75,000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	50,000	അനുപൂരക പോഷകാഹാരം (62/24)	50,000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	86,400	പൊക്കാളി നെൽക്കൃഷി വികസനം (32/24)	86,400	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	16,78,661	ലൈഫ് ഭവന നിർമ്മാണം – എസ്.സി (30/24)	16,78,661	0
ആകെ		₹34,77,901		₹34,77,901	
ജില്ലാ പഞ്ചായത്ത്	2023-24	86,400	പൊക്കാളി നെൽക്കൃഷി വികസനം (32/24)	86,400	0
ജില്ലാ പഞ്ചായത്ത്	2022-23	17,20,000	ലൈഫ് ഭവന നിർമ്മാണം -ജനറൽ (15/24)	17,20,000	0

ജില്ലാ പഞ്ചായത്ത്	2023-24	3,52,500	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (48/24)	3,52,500	0
ജില്ലാ പഞ്ചായത്ത്	2023-24	84,890	ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (63/24)	84,890	0
ജില്ലാ പഞ്ചായത്ത്	2023-24	21,500	ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം (97/24)	21,500	0
ജില്ലാ പഞ്ചായത്ത്	2023-24	14,08,226	ശിവ ടെമ്പിൾ റോഡ് നവീകരണം (113/24)	14,08,226	0
ജില്ലാ പഞ്ചായത്ത്	2023-24	1,46,228	ഫിഷർമെൻ റോഡ് അറ്റകുറ്റപണി (115/24)	1,46,228	0
ജില്ലാ പഞ്ചായത്ത്	2023-24	4,98,700	എട്ടുതെങ്ങൽ റോഡ് അറ്റകുറ്റപണി (166/24)	4,98,700	0
ആകെ		₹43,18,444		₹43,18,444	

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
വാട്ടർ അതോറിറ്റി	176/24, കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ (ടൈഡ് ഗ്രാന്റ്)	361/30.03.24	1,29,090	0	1,29,090

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവ് വന്ന തുകയുടേയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹)	തൻവർഷം ലഭ്യമായ തുക	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹)
				മുതൽ	പലിശ	

കെ.യു.ആർ.ഡി.എഫ്.സി		11537596	3000000	*2006405+*14 =2006419		12531177
ഹഡ്കോ ലോൺ		0	10760000			10760000

*<u>ജി.ഒ പ്രോജക്ട് ചെലവ്</u>

ലൈഫ് ജനറൽ -188/24	₹494842/-
ലൈഫ് ജനറൽ -182/24	₹494842/-
ലൈഫ് ജനറൽ -185/24	₹494842/-
ലൈഫ് എസ്.സി.പി -183/24	₹173958/-
ലൈഫ് എസ്.സി.പി -186/24	₹173958/-
ലൈഫ് എസ്.സി.പി -189/24	<u>₹173959/-</u>
	2006405

*14/-=ബാങ്ക് ചാർജ്

<u>4-6 സ്ഥിര നിക്ഷേപങ്ങൾ</u>

ഇല്ല.

<u>4-7 ഓഡിറ്റ് റിക്കവറി.</u>

ഇല്ല.

<u>4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	നിലവിലെ സ്ഥിതി
2009-10	--	2009 മാർച്ച് 31	3.2.9.1	പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ	2017 ജനുവരി മാസത്തിന്റെ തുടക്കത്തിൽ കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി

					അതോടെ നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് ₹51333/-യിൽ നിന്ന് ₹70875/- ആയി വർദ്ധിക്കുകയുണ്ടായി. സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകും എന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന ടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധന നടത്തിയത് പ്രകാരം 24.02.2018ൽ ₹56728/- വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളതാണ്.
					ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്. പ്ലാനിംഗ് ഓഫീസ് മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്.
2014-15	2-1	2016-17	അനുബന്ധം 4	വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ	അപാകത പരിഹരിച്ചു.

				നികുതി ഈടാക്കുന്നത്	
2015-16	2-2	2016-17	അനുബന്ധം 5	റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത്	ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹4,19,11,887
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹3,95,00,265
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹7,25,792

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക(₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	4798	ഡോ.തമീസ് അഹമ്മദ് വി.എ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി
1-21	1,59,638	ശ്രീമതി സിന്ധു പി.പി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
1-23	2,60,000	ബെൻസി എൻ, സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
1-25	1,12,266	ഡോ രജിത കെ ആർ, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-26	10,000	ശ്രീമതി ശാലിനി എം.എം, വി.ഇ.ഒ അയ്യമ്പിള്ളി
1-32	50,000	ശ്രീ ബെൻസി എൻ, സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
	1,29,090	ശ്രീ ഗിരീഷ് എസ് എൻ, സെക്രട്ടറി ഇൻ ചാർജ്
ആകെ	₹7,25,792	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.തമീസ് അഹമ്മദ് വി.എ മെഡിക്കൽ ഓഫീസർ, എഫ് എച്ച്.സി	മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, അങ്കമാലി	വടക്കേ വീട്ടിൽ ഹൗസ് എടവനക്കാട്
ശ്രീമതി സിന്ധു പി പി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്	നായരുശേരി ഹൗസ്, മാല്യങ്കര പി ഒ
ശ്രീ.ബെൻസി.എൻ സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്	സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്	മല്ലശേരി ഏനാത്ത് പി ഒ പത്തനംതിട്ട
ഡോ.രജിത കെ ആർ മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഗവ ഹോമിയോ ഡിസ്പെൻസറി എടവനക്കാട്.	മണപ്പറമ്പിൽ കുഴുക്കാട്ടുശേരി പിഒ തൃശൂർ
ശ്രീമതി ശാലിനി എം എം വി.ഇ.ഒ അയ്യമ്പിള്ളി	വി.ഇ.ഒ അയ്യമ്പിള്ളി	മനയത്ത് പനമ്പുകാട് വല്ലാർപാടം
ശ്രീ ഗിരീഷ് എസ് എൻ അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്)	അസിസ്റ്റന്റ് സെക്രട്ടറി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്	മാടവന ഹൗസ് എടവനക്കാട്

4-11 **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

വർഷം	**ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം**
1997-98	എൽ.എഫ്.ഇ (പി3)-714(1)/18 തീയതി. 14.09.18
1999-2000	എൽ.എഫ്.ഇ (പി3)-714(2)/18 തീയതി. 14.09.18
2001-02	കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19, തീയതി. 18.07.19

2003-04	കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19, തീയതി. 18.07.19
2007-08	കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18 തീയതി. 14.09.18
2013-14	കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19, തീയതി. 18.07.19
2014-15	കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19, തീയതി. 18.07.19
2015-16	കെ.എസ്.എ. ഇ.കെ.എം.(പി3)2040/16, തീയതി. 30.07.18
2016-17	കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17, തീയതി. 21.10.17
2017-18	കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018, തീയതി. 02.11.18
2018-19	കെ.എസ്.എ. ഇ.കെ.എം.(പി3)-283/2020, തീയതി. 19.03.20
2019-20	കെ.എസ്.എ. ഇ.കെ.എം.(പി3)995/21, തീയതി. 09.08.21
2020-21	കെ.എസ്.എ. ഇ.കെ.എം.(പി3)995/21, തീയതി. 13.09.21
2021-22	കെ.എസ്.എ. ഇ.കെ.എം.(പി3)354/23, തീയതി. 17.04.23
2022-23	കെ.എസ്.എ. ഇ.കെ.എം.(പി3)1199/23, തീയതി. 05.10.23

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 30-05-2024 and submitted on 30-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kuzhuppilly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kuzhuppilly Grama Panchayat as on 31-03-2024

Date: 04/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Kuzhuppilly Grama Panchayat for the Year 2023-2024.

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget Rules adversely affecting budgetary control system.

3. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

2.Other Observations

1. Cash Flow statement ÂÂÂ Net increase / decrease in cash flow do not match with the difference between opening balance and closing balance.
2.Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, Rule 62(f)) are not included.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്